(iv) അപകടം സംഭവിയ്ക്കുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നല്കുന്ന നഷ്ടപരിഹാരം :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി 25,000 രൂപയും (1-6-2014 മുതൽ) എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവമൂലം വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി പരമാവധി 10,000 രൂപയും (1-6-2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതു ജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതി അപകടങ്ങൾക്ക് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിയ്ക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം (Employees' Compensation Act, 1923) അനുസരിച്ചാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശിക

70 (4652) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശികയിൽ ഗാർഹിക ഉപഭോക്താക്കളുടെ ബിൽ കുടിശ്ശിക എത്ര ; കോമേഴ്സ്യൽ ആൾക്കാരുടെ കുടിശ്ശിക എത്ര; വൻകിട വ്യവസായികളുടെ കുടിശ്ശിക എത്ര ; ഇവകൾ പ്രത്യേകമായി വിവരിയ്ക്കാമോ ;

(ബി) ഏറ്റവും കൂടുതൽ ബിൽ കുടിശ്ശികയായുള്ള പ്രൈവറ്റ് സ്ഥാപനം ഏതാണ്;

(സി) ഇവർക്കെതിരെ വൈദ്യുതി വിച്ഛേദിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൽ.റ്റി. വിഭാഗത്തിലുള്ള വൈദ്യുതി ബിൽ കുടിശ്ശിക ചുവടെ ചേർക്കുന്നു :

ഗാർഹിക ഉപഭോക്താക്കൾ	കൊമേഴ്യൽ ഉപഭോക്താക്കൾ
5591.29 ലക്ഷം രൂപ	9625.83 ലക്ഷം രൂപ

31-3-2015-ലെ ത്രൈമാസിക കുടിശ്ശിക കണക്കുപ്രകാരം എച്ച്.റ്റി. ഇ.എച്ച്.റ്റി. മേഖലയിലെ കൊമേഴ്യൽ വിഭാഗത്തിൽ 435.63 കോടി രൂപയാണ് വൻകിട വ്യവസായികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക. ഇതിൽ 260.95 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്.

(ബി) 31-3-15-ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള പ്രൈവറ്റ് സ്ഥാപനം ബിനാനി സിങ്കാണ്. 48.21 കോടി രൂപ കുടിശ്ശികയുള്ളതിൽ 32.47 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്. ബാക്കി 15.74 കോടി രൂപ പിരിച്ചെടുക്കുന്നത് 30-8-2015 വരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തടഞ്ഞിട്ടുണ്ട്.

(സി) വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത എല്ലാ ഗാർഹിക കൊമേഴ്യൽ വൻകിട വിഭാഗത്തിൽവരുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ടി സ്ഥാപനങ്ങൾ പണം അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തുവരുന്നു. ചില സ്ഥാപനങ്ങൾ തവണ വ്യവസ്ഥയിൽ പണം അടയ്ക്കുന്നുണ്ട്. മറ്റു ചില സ്ഥാപനങ്ങൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പണം അടച്ച് കുടിശ്ശിക തീർക്കാറുണ്ട്. വൈദ്യുതി കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത ബന്ധത്തിന്റെ വിനിയോഗം

71 (4653) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ, ഈ സർക്കാർ കാലയളവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ ചേർത്തല താലൂക്കിലുള്ള വൈദ്യുതി കണക്ഷനുകൾ എത്രയെന്ന് അറിയിക്കാമോ ; വൈദ്യുതി കണക്ഷൻ ലഭിച്ചവർ കാലാകാലങ്ങളായി കൃഷി ചെയ്യുന്നവരാണോ എന്നും ഉല്പാദനം നടത്തുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വൈദ്യുതി വകുപ്പിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly